# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5220. 30.06.2014 ൽ മറുപടിയ്ക്ക്.

<u>സ്വകാര്യ സൂപ്പർക്ലാസ് പെർമിറ്റുകളുടെ കാലാവധി</u>

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത എത്ര റൂട്ടുകളിലെ പെർമിറ്റ് സ്വകാര്യ മേഖലയ്ക്ക് തിരികെ നൽകിയിട്ടുണ്ട്; ഏതെല്ലാമാണ് പ്രസ്തുത റൂട്ടുകൾ ; കാരണം വിശദമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിയ റൂട്ടുകളൊന്നും തന്നെ സ്വകാര്യ മേഖലയ്ക്ക് കൈമാറിയിട്ടില്ല. എന്നാൽ സ്വകാര്യ ബസ്സുകളോടൊപ്പം മൽസരിച്ച് സർവ്വീസ് നടത്തുന്ന ചില റൂട്ടുകളിൽ വരുമാനക്കുറവുമൂലം ചില സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്യാറുണ്ട്. |
| (ബി) | സ്വകാര്യ സൂപ്പർക്ലാസ് പെർമിറ്റുകളുടെ കാലാവധി തീരുന്ന മുറക്ക് പ്രസ്തുത പെർമിറ്റുകൾ ഏറ്റെടുത്ത് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നതിന് ബഹു. ഹൈക്കോടതി അനുമതി നൽകിയിരുന്നോ ; | (ബി) | 16/07/2013 ലെ ജി.ഒ.(പി) 73/2013/ട്രാൻ. നമ്പർ വിജ്ഞാപന പ്രകാരം കേരളത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സൂപ്പർ സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്. ആർ.ടി.സി.യ്ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിരുന്നു. എന്നാൽ ഈ ഉത്തരവിനെ സ്വകാര്യ ബസ് ഉടമകൾ ബഹു. ഹൈക്കോടതിയിൽ ചോദ്യം ചെയ്ത് സ്റ്റേ സമ്പാദിക്കുകയുണ്ടായി. തുടർന്ന് കെ.എസ്.ആർ. ടി.സി. സ്റ്റേ വെക്കേറ്റ് ചെയ്യുകയും പെർമിറ്റ് പുതുക്കി നൽകാത്തതു കാരണം നിന്നു പോകുന്ന സ്വകാര്യ ബസ്സുകൾക്ക് പകരമായി പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി കൈക്കൊണ്ടു വരികയുമാണ്. സ്വകാര്യ ബസ് ഉടമകൾ സിംഗിൾ ബെഞ്ച് വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിരുന്നുവെങ്കിലും ബഹു. കോടതി സ്റ്റേ അനുവദിക്കുകയുണ്ടായില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പെർമിറ്റുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) | പെർമിറ്റ് പുതുക്കി നൽകാത്തതു കാരണം ഈ അടുത്ത ദിവസങ്ങളിൽ നിന്നു പോയ 32 സ്വകാര്യ സൂപ്പർ ക്ലാസ് ബസുകൾക്ക് പകരമായി പുതിയ പെർമിറ്റ് കരസ്ഥമാക്കി കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.